തിന്റെ ഫലമായി റേഷൻ മൊത്ത വ്യാപാര ഡിപ്പോകളിലും റീട്ടെയിൽ റേഷൻ കടകളിലും നീക്കിയിരിപ്പ് സ്റ്റോക്ക് വർദ്ധിക്കുകയും റേഷൻ വ്യാപാരികൾ പ്രതിസന്ധിയിലാവുകയും ചെയ്തു.

(സി,ഡി) 'അന്ന പൂർണ്ണ' പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 10.10.2000 ത്തിലെ ജി.ഒ.(എം.എസ്) 53/2000/എഫ് ആന്റ് സി.എസ്.ഡി. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്രം ഇതിലേയ്ക്കായി അനുവദിച്ച 3,01,35,929 രൂപ ഈ പദ്ധതി പ്രകാരം ചെലവാക്കുവാൻ ഭരണാനുമതിയും നൽകിക്കഴിഞ്ഞു. ഈ പദ്ധതി സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ ആദ്യ അറിയിപ്പ് സംസ്ഥാനത്തിന് ലഭിച്ചത് 25.3.2000 ലാണ്. ഇതു പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള നടപടിയെ സംബന്ധിച്ച വ്യക്തത കുറവായിരുന്നു. കേന്ദ്ര ഗ്രാമീണ വികസന മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിയുടെ ഡി.ഒ.നം.ജെ.13020/23/99-എം.എസ്.പി. കത്തിൻ പ്രകാരം ആഗസ്റ്റ് മാസത്തിലാണ് ഇതിൽ ഭേദഗതി ചെയ്തുകൊണ്ടുള്ള നിർദ്ദേശം കിട്ടിയത്. ഈ കത്തിൽ പറഞ്ഞിരുന്ന വിശദമായ ഗൈഡ് ലൈൻസ് ഇതുവരെയും ലഭിച്ചിട്ടില്ല. പദ്ധതിക്കുവേണ്ടിയുള്ള ധനസഹായം 15.11.00 ലാണ് കിട്ടിയത്. ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് പഞ്ചായത്തുകളാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പു കാരണം ഇക്കാര്യത്തിൽ കാലതാമസം നേരിട്ടതിനാൽ ഈ പദ്ധതി ഇതുവരെയും ആരംഭിച്ചിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുത്താലുടൻ തന്നെ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്,ജി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ അംഗസംഖ്യ 2000-ലെ ജനസംഖ്യ കണക്കനുസരിച്ച് കേന്ദ്ര സർക്കാർ പുതുക്കിനിശ്ചയിട്ടുണ്ട്. പുതുക്കിയ കണക്കിൻ പ്രകാരം 377, മെട്രിക്ടൺ അരി കൂടി ഡിസംബർ മാസത്തേക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

10 (*9) മൃഗചികിത്സാ സൗകര്യങ്ങൾ

ശ്രീ. സി.എൻ.ജയദേവൻ :
പ്രൊഫ.മീനാക്ഷി തമ്പാൻ :
ശ്രീ. എൻ.അനിരുദ്ധൻ :
ശ്രീ. പി.എസ്.സുപാൽ :
ശ്രീ. യു.എസ്.ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗചികിത്സാ സൗകര്യങ്ങൾ കൃഷിക്കാരുടെ വീട്ടുപടിക്കൽ എത്തിക്കുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയിൽ പ്രവർത്തിക്കുന്ന ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ പ്രയോജനം കൂടുതൽ കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, പ്രത്യേകിച്ച് വാഹന സൗകര്യം, ആവശ്യമായ മരുന്ന്, സൗജന്യ സേവനം എന്നിവ സർക്കാർ ചെയ്തുകൊടുക്കുന്നു. മൃഗസംരക്ഷണ വകുപ്പ് ആണ് ഈ പദ്ധതിയിൽ പ്രവർത്തിക്കുന്ന ഏക ഏജൻസി.

(ഡി) തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് മൃഗസംരക്ഷണ സെന്ററുകൾ മുഖേന കൃഷിക്കാർക്ക് ആവശ്യമായ എല്ലാ സഹായവും എത്തിച്ചു കൊടുക്കുന്നു. ഇതിന് പുറമേ സഞ്ചരിക്കുന്ന ബീജധാനകേന്ദ്രങ്ങൾ സംസ്ഥാന വ്യാപകമായി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. 10 കേന്ദ്രങ്ങൾ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്.

11 (*10) അബ്കാരി ഗോഡൗണുകളിൽ റെയ്ഡ് നടത്തുന്നതിന് പ്രത്യേക പോലീസ് സേന

ഡോ.കെ.സി. ജോസഫ് :
ശ്രീ.ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി.ജോർജ് :
ശ്രീ. ടി.എസ്. ജോൺ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മന്ത്രി സദയം മറുപടി നൽകുമോ :

(എ) അബ്കാരി ഗോഡൗണുകളിൽ റെയ്ഡ് നടത്തുന്നതിന് പ്രത്യേക പോലീസ്സേന രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പോലീസ് നടത്തിയ റെയ്ഡുകൾ എത്രമാത്രം ഫലപ്രദം ആണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) റെയ്ഡുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) അബ്കാരി മേഖലയിലെ സ്വകാര്യ ഗുണ്ടാ സംഘങ്ങൾ സൃഷ്ടിക്കുന്ന ക്രമസമാധാന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരം സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) പ്രത്യേക പോലീസ് സേനയുടെ അന്വേഷണ പരിധിയിൽ ഇത്തരം സംഘങ്ങളുടെ പ്രവർത്തനം കൂടി ഉൾപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ) പ്രത്യേക പോലീസ്സേന രൂപീകരിച്ചിട്ടില്ല. എന്നാൽ അബ്കാരി നിയമലംഘനങ്ങൾ കർശനമായി തടയുന്നതിനും അബ്കാരി

---

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

പ്രചാരം നൽകുന്നുണ്ട്. ഓണം, ക്രിസ്തുമസ് തുടങ്ങിയ വിശേഷ അവസരങ്ങളിൽ ആശംസകൾ കൈമാറുവാനുള്ള സൗജന്യ ഇലക്ട്രോണിക് ആശംസാ കാർഡുകൾ വെബ്സൈറ്റിൽ ഏർപ്പെടുത്തി തുടങ്ങി.

(3) ഗ്രീൻ സിംഫണി - സി. ഡി. റോം

സ്വകാര്യമേഖലയുമായി കൂട്ടുചേർന്ന് കേരളത്തെക്കുറിച്ച് സമഗ്രമായ ഒരു ഇന്റാക്ടീവ് സി. ഡി. റോം (കേരള- ഗ്രീൻ സിംഫണി) തയ്യാറാക്കി കേരള ടൂറിസം വകുപ്പ് പ്രസിദ്ധീകരിക്കുകയുണ്ടായി.

ഈ സി. ഡി. റോമിന്റെ കോപ്പികൾ വിദേശ പത്രപ്രവർത്തകർക്കും ഇന്ത്യൻ പത്രപ്രവർത്തകർക്കും ട്രാവൽ ടൂർ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും സൗജന്യമായി അയച്ചുകൊടുത്തു. പതിനായിരത്തിലധികം കോപ്പികൾ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്.

ഗ്രീൻ സിംഫണി പ്രസിദ്ധീകരിച്ചു ഒന്നര വർഷത്തിനകം തന്നെ ഉള്ളടക്കം പരിഷ്ക്കരിച്ചു കൂടുതൽ മെച്ചപ്പെടുത്തി. രണ്ടാം പതിപ്പ് പുറത്തിറങ്ങി.

ഫ്രഞ്ച്, ജർമ്മൻ ഭാഷകളിലേക്ക് പ്രസ്തുത സി.ഡി.റോം ഭാഷാന്തരം ചെയ്യാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

ആയുർവേദത്തെക്കുറിച്ച് സമഗ്രമായ ഒരു സി. ഡി. റോം ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച് എന്നീ ഭാഷകളിൽ തയ്യാറാക്കി കേരളത്തിന്റെ ആയുർവേദ സമ്പത്ത് അന്താരാഷ്ട്ര ശ്രദ്ധയിലെത്തിച്ച് വിനോദ സഞ്ചാരം വികസിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ കേരള ടൂറിസം വെബ്സൈറ്റിന്റെ ഉള്ളടക്കം സി. ഡി. റോമായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(4) ടച്ച്-സ്ക്രീൻ കയോസ്ക്കുകൾ

1998-ൽ തിരുവനന്തപുരത്തെ അന്തർദേശീയ വിമാനത്താവളത്തിൽ ടൂറിസം ഇൻഫർമേഷൻ നേരിട്ട് ലഭിക്കാനുള്ള രീതിയിൽ ഒരു ടച്ച് സ്ക്രീൻ കമ്പ്യൂട്ടർ സ്ഥാപിച്ചു. ഫലപ്രദമാണെന്ന് കണ്ടതിനെ തുടർന്ന് മറ്റ് പ്രധാന കേന്ദ്രങ്ങളിൽ ഇത്തരം കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

അനുബന്ധം III

18-12-2000-ലെ നക്ഷത്രചിഹ്നമിട്ട 10 ('X' 90ാം) നമ്പർ ചോദ്യം ദയവായി കാണുക

മൃഗ ചികിത്സാ സൗകര്യങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനായി 17 മൊബൈൽ ഫാം എയ്ഡ് യൂണിറ്റുകളും, 12 സഞ്ചരിക്കുന്ന മൃഗാശുപത്രികളും പ്രവർത്തിക്കുന്നു. അതോടൊപ്പം 51 പോളിക്ലിനിക്കുകളുടെയും പ്രവർത്തനം അപ്രകാരം തിട്ടപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	സഞ്ചരിക്കുന്ന ഫാം എയ്ഡ് യൂണിറ്റുകൾ	സഞ്ചരിക്കുന്ന മൃഗാശുപത്രികൾ	വെറ്ററനറി പോളി ക്ലിനിക്കുകൾ
തിരുവനന്തപുരം	1	1	2
കൊല്ലം	–	1	2
പത്തനംതിട്ട	1	–	4
ആലപ്പുഴ	–	1	6
കോട്ടയം	2	1	4
ഇടുക്കി	2	1	3
എറണാകുളം	2	1	5
തൃശ്ശൂർ	1	1	6
പാലക്കാട്	3	1	4
മലപ്പുറം	2	1	4
കോഴിക്കോട്	–	1	2
വയനാട്	1	1	3
കണ്ണൂർ	2	1	5
കാസറഗോഡ്	–	–	1
ആകെ	17	12	51

അനുബന്ധം IV

18-12-2000 ലെ നക്ഷത്രചിഹ്നമിട്ട 14('X'13-ാം) നമ്പർ ചോദ്യം ദയവായി കാണുക.

കേരള സർക്കാരിന്റെ കരട് ആരോഗ്യ നയം 2000 :

സാമ്പത്തിക വികസനത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പിന്നിൽ നിൽക്കുന്ന കേരളത്തിന് ആരോഗ്യരംഗത്ത് പ്രശംസനീയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങൾ നിലനിർത്തേണ്ടതും അവ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും, എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാക്കേണ്ടതുമാണ്. സംസ്ഥാനത്തെ ആരോഗ്യ രംഗത്ത് ഉണ്ടായ പരിവർത്തനത്തിന്റെ ഫലമായി ഉയർന്നുവന്നിട്ടുള്ള വെല്ലുവിളികളെ നേരിടുന്നതിന് പുതിയ പ്രവർത്തന രീതികൾ ആവശ്യമാണ്. സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യ നിലവാരവും ഇവിടെ ഉയർന്നുവന്ന ആരോഗ്യ പരിപാലന സംവിധാനവും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായതിനാൽ കേരളത്തിന് ഒരു വ്യത്യസ്തമായ ആരോഗ്യനയം ആവശ്യമായി വന്നിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് കേരള സർക്കാരിന്റെ ആരോഗ്യ നയം രൂപപ്പെടുത്തിയിരിക്കുന്നത്.

ലക്ഷ്യങ്ങൾ

ആരോഗ്യ പരിപാലനരംഗം സമ്പുഷ്ടമായി കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും, ഒഴിവാക്കാവുന്ന ആതുര

LIBRARY ARCHIVES Kerala Legislative Assembly